File No.LSGD-IA1/177/2019-LSGD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.അജിത് കുമാർ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1964/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/09/2019

പരാമർശം:- 1 10.02.2010 തീയതിയിലെ സ.ഉ(സാധാ)463/10/തസ്വഭവ

2 30.6.2011 തീയതിയിലെ സ.ഉ(സാധാ)1555/11/തസ്വഭവ

3 06.11.2013 തീയതിയിലെ സ.ഉ(സാധാ)2735/13/തസ്വഭവ

4 22/9/2015 തീയതിയിലെ സ.ഉ(സാധാ)2885/15/തസ്വഭവ

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.05.2019 തീയതിയിലെ 1512/ഇ1/2007/കെ.എസ്.എച്ച് ഒ നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. അജിത് കുമാർ. കെ-യെ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി പരാമർശം (1) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പരാമർശം (2),(3)(4) എന്നിവ പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 10.03.2014 വരെ ദീർഘിപ്പിച്ചു നല്കിയിരുന്നു. സർക്കാർ ഉത്തരവില്ലാതെ ശ്രീ. അജിത് കുമാർ അന്യത്രസേവനത്തിൽ തുടർന്ന 11.03.2015 മുതൽ 30.03.2015 വരെയുള്ള സേവനകാലം അന്യത്രസേവന കാലയളവായി ക്രമീകരിച്ചു നൽകണമെന്ന് പരാമർശം ( 5 ) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അജിത് കുമാർ.കെ (ജൂനിയർ സൂപ്രണ്ട് , തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയം) കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിൽ സർക്കാർ അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടർന്ന 11.03.2015 മുതൽ 30.03.2015 വരെയുള്ള കാലം കേരള സർവ്വീസ് റൂൾ ഭാഗം -1 ചട്ടം 140 (സി) യിലെ വ്യവസ്ഥയിൽ ഇളവ് വരുത്തി അന്യത്ര സേവനകാലമായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന ആർ പി
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (കൺട്രോളർ ഓഫ് സ്റ്റേഷനറീസ്, തിരുവനന്തപുരം മുഖാന്തിരം)

കൺട്രോളർ ഓഫ് സ്റ്റേഷനറീസ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ